## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1564    13-07-2011-ൽ മറുപടിക്ക്**

### ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം**

ഡോ.എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

(എ) ജനസാന്ദ്രത കൂടിയ സ്ഥലങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എ) മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ജനങ്ങൾക്കുള്ള ആശങ്കകൾ കണക്കിലെടുത്ത് ഈ വിഷയം പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ മൊബൈൽ ടവറുകൾ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിരുന്നില്ല. എന്നാലും പുതുതായുണ്ടായ വിവരങ്ങൾ കൂടി കണക്കിലെടുത്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രസ്തുത കമ്മിറ്റിയോട് സർക്കാർ വീണ്ടും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ടവർ നിർമ്മാതാക്കൾക്ക് മൊബൈൽ ടവറുകൾ സ്ഥാപിക്കാൻ പഞ്ചായത്ത് അനുമതി നൽകുന്നതിനു മുമ്പ് ഏതൊക്കെ കേന്ദ്രങ്ങളിൽ നിന്നുള്ള എൻ.ഒ.സി വാങ്ങിയിരിക്കണമെന്നാണ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നത്;

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XIX (ചട്ടം 130 മുതൽ 142 വരെ), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XX (ചട്ടം 118 മുതൽ 131 വരെ) എന്നിവയിൽ മൊബൈൽ ടവറുകൾ ഉൾപ്പെടുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ-ഇതര ഉടമസ്ഥതയിലുള്ള ടെലികമ്മ്യൂണിക്കേഷൻ ടവറുകൾക്ക് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും പെർമിറ്റ് വാങ്ങേണ്ടതും, ആവശ്യമുള്ള പക്ഷം എയർപോർട്ട് അതോറിറ്റി, ഡിഫൻസ് എസ്റ്റാബ്ലിഷ്മെന്റ് (അതിന്റെ 200 മീറ്റർ ദൂരപരിധിയ്ക്കുള്ളിലാകുന്ന പക്ഷം), റെയിൽവേ അതോറിറ്റി (റെയിൽവേയുടെ 100 മീറ്റർ ദൂരപരിധിയിൽ വരുന്ന പക്ഷം) എന്നിവയിൽ നിന്നും

| | | | |
|---|---|---|---|
| | | | ക്ലിയറൻസ് വാങ്ങേണ്ടതുമാണ്. സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ്, ടെലികോം വകുപ്പുമായുള്ള എഗ്രിമെന്റ്/ ലൈസൻസ് എന്നിവ സംബന്ധിച്ച വ്യവസ്ഥകളും ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത എൻ.ഒ.സികൾ വാങ്ങാത്ത ഏജൻസികൾക്കും പഞ്ചായത്തുകൾ ടവർ നിർമ്മാണ അനുമതി നൽകുന്നത് പലപ്പോഴും സംഘർഷങ്ങൾക്കും കോടതിവ്യവഹാരങ്ങൾക്കും വഴി വെയ്ക്കുന്നുണ്ടെന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഫ്ലവർമിൽ പോലുള്ള സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുപോലും സമീപവാസികളുടെ കൺസെന്റ് വാങ്ങിയിരിക്കണമെന്നുള്ള നിയമം നിലനിൽക്കുമ്പോൾ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് അതു വേണ്ടെന്നു വയ്ക്കാനുള്ള കാരണമെന്താണെന്ന് പരിശോധിക്കുമോ; | (ഡി) | ഫ്ലവർ മില്ലുകൾ തുടങ്ങിയവയിൽ നിന്നുള്ള ശബ്ദം/പൊടി/ഗന്ധം എന്നിവ മൂലം സമീപവാസികൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ട് കണക്കിലെടുത്താണ് ലേ-ഔട്ട് അംഗീകാരം നൽകുന്ന അവസരത്തിൽ ഇത്തരം നിബന്ധന നിഷ്കർഷിച്ചിരിക്കുന്നത്. 16/05/2011-ലെ 25070/ആർ.ഡി2/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മൊബൈൽ ടവർ നിർമ്മാണത്തിനു നിർദ്ദേശിക്കപ്പെട്ട സ്ഥലം സംബന്ധിച്ച് എന്തെങ്കിലും പരാതിയുള്ള പക്ഷം, ഭരണ സമിതിയുടെ നേതൃത്വത്തിൽ ടവർ നിർമ്മാതാക്കളെയും, നിർദ്ദിഷ്ട ടവറിന്റെ 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന പരാതിക്കാരെയും പങ്കെടുപ്പിച്ച് ചർച്ച നടത്തി പരിഹാരം കാണേണ്ടതാണെന്നും അനുയോജ്യമായ മറ്റൊരുസ്ഥലം കണ്ടെത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | ജനങ്ങളുടെ ആശങ്ക അകറ്റി ജനസാന്ദ്രത തീരെ കുറഞ്ഞ പ്രദേശങ്ങളിൽ ടവറുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭേദഗതി ബന്ധപ്പെട്ട ചട്ടങ്ങളിൽ വരുത്തുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഇ) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ